കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 14/2023 | 24/07/2023

# പുതുചരിത്രം രചിച്ച് സംസ്ഥാന സമ്മേളനം



കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയന്റെയും കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയന്റെയും അഞ്ചാമത് സംസ്ഥാന സമ്മേളനം, ജൂലൈ 22, 23 തീയതികളിലായി കോട്ടയത്ത് മാമൻ മാപ്പിള ഹാളിൽ വച്ച് നടന്നു.

**22-07-2023 ശനിയാഴ്ച :**

KGB എംപ്ലോയീസ് യൂണിയൻ പ്രസിഡന്റ് സ. എൻ. മീന AIRRBEA പതാകയുയർത്തിയത്തോടു കൂടി സമ്മേളന നടപടികൾ ഔദ്യോഗികമായി ആരംഭിച്ചു. കോവിഡ് കാലഘട്ടത്തിനു ശേഷമുള്ള ഒത്തുചേരലിന്റെ ആവേശം മുഴുവൻ വിളിച്ചോതുന്ന തരത്തിലുള്ള മുദ്രാവാക്യം വിളികളുടെ അകമ്പടിയോടെയാണ് സമ്മേളന പ്രതിനിധികൾ ഹാളിലേക്ക് പ്രവേശിച്ചത്.

മണിപ്പൂരിലെ അക്രമസംഭവങ്ങളുടെ പശ്ചാത്തലത്തിൽ സമ്മേളനവേദിക്കരികിൽ സിഗ്നേച്ചർ ക്യാമ്പയിൻ നടത്തിയത് ശ്രദ്ധേയമായി.

ഓൾ ഇന്ത്യ കിസാൻ സഭ ജനറൽ സെക്രട്ടറി വിജൂ കൃഷ്ണനാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്.

**ഉദ്ഘാടന പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ:**

മോഡി സർക്കാരിന്റെ കാലഘട്ടത്തിൽ രാജ്യത്ത് കർഷക ആത്മഹത്യകൾ വർദ്ധിച്ചു. സർക്കാരിന്റെ തന്നെ ഔദ്യോഗിക കണക്കനുസരിച്ച് രണ്ട് ലക്ഷത്തോളം കർഷകർ ഈ കാലയളവിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. സ്ത്രീകൾ, പാട്ടകൃഷി ചെയ്യുന്നവർ, ഭൂരഹിതർ തുടങ്ങിയ വിഭാഗങ്ങളിൽപെട്ട ആത്മഹത്യ ചെയ്തവർ സർക്കാറിന്റെ ഔദ്യോഗിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. എന്നിട്ട് പോലും ആത്മഹത്യയുടെ തോത് വർദ്ധിച്ചു എന്നത് സ്ഥിതിയുടെ ഭീകരത വെളിവാക്കുന്നു. രണ്ടര ലക്ഷത്തോളം തൊഴിലാളികൾ ഈ കാലയളവിൽ നമ്മുടെ രാജ്യത്ത് ആത്മഹത്യ ചെയ്തു. ഇവരിൽ ഭൂരിപക്ഷവും കുടിയേറ്റ തൊഴിലാളികളാണ്. 40,000 ത്തിൽ കൂടുതൽ അഭ്യസ്ഥ വിദ്യരും തൊഴിൽ രഹിതരുമായ ചെറുപ്പക്കാർ ആത്മഹത്യ ചെയ്തതും ഈ കാലയളവിലാണ്. മേൽപ്പറഞ്ഞ മൂന്ന് വിഭാഗങ്ങൾ കണക്കിലെടുത്താൽ ആത്മഹത്യ ചെയ്തവരുടെ എണ്ണം ഏകദേശം 4 ലക്ഷത്തിലധികം വരും.

യോജിച്ച സമരങ്ങളാണ് കാലഘട്ടത്തിന്റെ ആവശ്യം. ഭൂമി അധികാർ ആന്തോളൻ, അഖിലേന്ത്യാ കിസാൻ സംഘർഷ് കോർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഉള്ള movement പോലുള്ള പ്രക്ഷോഭങ്ങൾ രാജ്യത്ത് വളർന്നുവരുന്നു. കർഷകർ -കർഷക തൊഴിലാളികൾ- തൊഴിലാളികൾ എന്നിവരുടെ വിപുലമായ ഐക്യം കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഒരു വർഷത്തിലേറെ നീണ്ടുനിന്ന കർഷക സമരത്തിൽ 738 സഖാക്കളാണ് രക്തസാക്ഷിത്വം വഹിച്ചത്. വർത്തമാന കാലഘട്ടത്തിൽ, ലോകത്ത് തന്നെ സമാനതകൾ ഇല്ലാതെ നടന്ന ഈ സമരം മോഡി സർക്കാറിനെ മുട്ടുകുത്തിച്ചു. ശത്രുവർഗത്തിന്റെ ഇടയിൽ ഭയം വിതച്ചു കർഷകർ മുന്നേറി. യൂറോപ്യൻ രാജ്യങ്ങളിൽ അടക്കം ഈ സമരത്തെ നാളെയുടെ പ്രതീക്ഷയായിട്ടാണ് കണ്ടത്.

ഇന്ത്യ മണിപ്പൂരായി മാറാതിരിക്കണമെങ്കിൽ നാം പൊരുതേണ്ടതുണ്ട്. വർഗീയത, നവലിബറൽ നയങ്ങൾ എന്നിവയ്ക്കെതിരെ മേൽപ്പറഞ്ഞ രീതിയിൽ രാജ്യത്ത് വലിയ ഐക്യം രൂപപ്പെടുന്നു. ബദൽ നയങ്ങൾക്ക് സാധ്യതയുണ്ടെന്ന് തന്നെയാണ് കാലഘട്ടം തെളിയിക്കുന്നത്.

സ. ടി.ആർ. രഘുനാഥൻ (സ്വാഗതസംഘം ചെയർമാൻ), സ. അനിൽകുമാർ കെ.ആർ(FSETO കോട്ടയം ജില്ലാ സെക്രട്ടറി), സ. രാജേഷ് ഡി. മാന്നാത്ത് (സെക്രട്ടറി CCGE കോട്ടയം), സ. ടി. ബാലകൃഷ്ണൻ (LICEU ജോയിന്റ് സെക്രട്ടറി, കോട്ടയം ഡിവിഷൻ), സ. ജിബേഷ് ചക്രവർത്തി(ഡെപ്യൂട്ടി ജനറൽ സെക്രട്ടറി, AIRRBEA) തുടങ്ങിയവർ ഉദ്ഘാടന സെഷനിൽ സംസാരിച്ചു. AIRRBEA യുടെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയായ സമീറാൻ മേദിയുടെ സാന്നിധ്യം ശ്രദ്ധേയമായി. KGB ഓഫീസേഴ്സ് യൂണിയൻ പ്രസിഡന്റ് പി.രാജേഷ് അധ്യക്ഷനായി.

**'തുല്യ ജോലിക്ക് തുല്യ വേതനം' പുനഃസ്ഥാപിച്ച നിയമ പോരാട്ടങ്ങളുടെ 25 വർഷങ്ങൾ:**

ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് മറ്റ് കൊമേഴ്സ്യൽ ബാങ്ക് ജീവനക്കാരുടേതിന് സമാനമായ രീതിയിൽ ശമ്പള തുല്യത ലഭ്യമായ നിയമ പോരാട്ടത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടന്ന സെമിനാർ വിഷയാവതരണം സ. കെ.ജി. മദനൻ (AIRRBEA ലീഗൽ കമ്മിറ്റി കൺവീനർ) അവതരിപ്പിച്ചു. 'തുല്യ ജോലിക്ക് തുല്യ വേതനം' എന്ന അവകാശം NIT അവാർഡ് വഴിയാണ് ഗ്രാമീൺ ബാങ്ക് ജീവനക്കാർക്ക് ലഭ്യമായത്. ഇന്ന് നമ്മുടെ ബാങ്കിൽ നാം അനുഭവിക്കുന്ന ഏതൊരു നേട്ടത്തിന്റെയും അടിസ്ഥാനം NIT അവാർഡാണ്. ആ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തത് നമ്മുടെ സംഘടനയാണ്. ബാങ്കിംഗ് മേഖലയിൽ ആറാം കരാർ നടപ്പിലാക്കിയപ്പോൾ NIT അവാർഡ് പ്രകാരം കൊമേഴ്സ്യൽ ബാങ്ക് ജീവനക്കാരുടേതിന് സമാനമായി ലഭിക്കേണ്ട വേതന വ്യവസ്ഥകൾ അട്ടിമറിച്ച മാനേജ്മെന്റ് നിലപാടുകൾക്കെതിരെ വീണ്ടും പ്രക്ഷോഭം നയിച്ചത് നമ്മുടെ സംഘടനയായിരുന്നു. ഇന്ത്യയിലാകമാനമുള്ള ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് ശമ്പള തുല്യത ലഭ്യമായത് ഈ പോരാട്ടങ്ങൾക്കൊടുവിലാണ്. നിരവധിയായ പ്രത്യക്ഷ സമരങ്ങളും നിയമ പോരാട്ടങ്ങളും വഴി നാം നേടിയെടുത്തതാണ് 'തുല്യ ജോലിക്ക് തുല്യ വേതനം' എന്ന അവകാശം. 'നിങ്ങൾക്ക് ശമ്പളം തരുന്നത് യൂണിയൻ ആണോ ?' എന്ന് ചോദിക്കുന്ന അല്പബുദ്ധികളായ മിഡിൽ മാനേജ്മെന്റ് പുംഗവൻമാരെ കുറിച്ച് ഇടയ്ക്ക് നാം കേൾക്കാറുണ്ട്. അവരോട് പറയാനുള്ളത്: ഗ്രാമീണ ബാങ്ക് ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പളം കൊടുക്കേണ്ടതില്ല എന്ന് കോടതിയിൽ രേഖാമൂലം അഫിഡവിറ്റ് സമർപ്പിച്ചത് ഗ്രാമീണ ബാങ്ക് മാനേജ്മെന്റ് ആണ്. അതിനെതിരെ സുപ്രീംകോടതി വരെ നിയമ പോരാട്ടങ്ങൾ നടത്തി ജീവനക്കാരുടെ അവകാശങ്ങൾ നേടിയെടുത്തത് യൂണിയനാണ്. അതുകൊണ്ട് യൂണിയനോടുള്ള കൂറ് ജീവനക്കാർ പ്രകടിപ്പിക്കുക തന്നെ ചെയ്യും.

ഇക്കാര്യങ്ങൾ ആകെ വിശദീകരിച്ച പ്രസ്തുത സെഷൻ പുതിയ ജീവനക്കാരെ സംബന്ധിച്ച് കൃത്യമായ ചരിത്ര ബോധം ഉണ്ടാക്കുന്നതിന് ഉപകരിച്ചു.

ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത സംഘടനയുടെ മുൻകാല നേതാക്കളായ സ. കെ.എം. അച്യുതൻകുട്ടി, സ. പി. മോഹനൻ എന്നിവരെയും സംഘടനയുടെ കേന്ദ്ര കമ്മിറ്റി അംഗമായ സ. കെ.ജി. മദനനേയും സമ്മേളനം പ്രത്യേകം ആദരിച്ചു.

**സാംസ്കാരിക സമിതി :**

KGB EU/OU സാംസ്കാരിക സമിതിയുടെ ഔദ്യോഗികമായ തുടക്കം സമ്മേളന വേദിയിൽ വച്ച് നടന്നു. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ ലഘു വീഡിയോ പ്രദർശനവും വേദിയിൽ അരങ്ങേറി. സ. പി. മിഥുൻലാൽ ആണ് സാംസ്കാരിക വേദിയുടെ കൺവീനറായി പ്രവർത്തിക്കുന്നത്. അദ്ദേഹത്തിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ വീഡിയോ ഏറെ ശ്രദ്ധ ആകർഷിച്ചു.

**വനിതാ സമ്മേളനം:**

സമ്മേളനത്തോടനുബന്ധിച്ച് നടന്ന വനിതാ സമ്മേളനം അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ കേന്ദ്രകമ്മിറ്റി അംഗം സ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു.




**ഉദ്ഘാടന പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ:**

സ്ത്രീകൾക്ക് സുരക്ഷ ഒരുക്കേണ്ട കേന്ദ്ര ഗവൺമെന്റ്, അവരുടെ പ്രശ്നങ്ങളിൽ ഇടപെടാത്ത സാഹചര്യമാണ് രാജ്യത്ത് നിലനിൽക്കുന്നത്. മണിപ്പൂരിൽ വംശീയ അതിക്രമമാണ് നടക്കുന്നത്. ബാങ്കിംഗ് മേഖലയിൽ സ്ത്രീകളെ നിയമിക്കാൻ മടിക്കുന്നു. നമ്മുടെ രാജ്യത്ത് തുല്യനീതിയോ തുല്യവേതനമോ സ്ത്രീ തൊഴിലാളിക്ക് ലഭിക്കുന്നില്ല. സ്ത്രീകളുടെ പ്രശ്നം സ്ത്രീകളുടേത് മാത്രമല്ല, പൊതുസമൂഹത്തിന്റെ മൊത്തമാണ്.




സഖാക്കൾ വിനീത വിനോദ്, രാകേന്ദു ആർ.എ, ശ്രീജ എം, ആരതി എൻ. മേനോൻ എന്നിവരടങ്ങിയ പ്രസീഡിയമാണ് വനിതാ സമ്മേളനം നിയന്ത്രിച്ചത്. വനിതാ കൺവീനർ സ. സിന്ധു ടി റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ ജില്ലകളിൽ നിന്ന് നിരവധി സഖാക്കൾ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. സ്ത്രീ തൊഴിലാളികൾ ബാങ്കിംഗ് മേഖലയിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ചൂഷണങ്ങൾ, കൂലി അസമത്വം, സാമൂഹികവും കുടുംബപരവുമായ പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ ഗൗരവത്തോടെ ചർച്ച ചെയ്ത വനിതാ സമ്മേളനം, അതിന്റെ ഉള്ളടക്കം കൊണ്ടും പങ്കാളിത്തം കൊണ്ടും മികച്ചു നിന്നു. BEFI അഖിലേന്ത്യാ വനിതാ സബ് കമ്മിറ്റി കൺവീനർ സ. രജിതമോൾ കെ.കെ, BEFI സംസ്ഥാന വനിതാ സബ് കമ്മിറ്റി കൺവീനർ സ. കെ.എസ്. രമ, AIRRBEA വനിതാ കൺവീനർ സ. മീന എൻ എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു.

**സമ്മേളനം തെരഞ്ഞെടുത്ത വനിതാ സബ് കമ്മിറ്റി ഭാരവാഹികൾ:**

| | |
|---|---|
| കൺവീനർ | : സ. സിന്ധു ടി |
| ജോയിന്റ് കൺവീനർമാർ | : സ. രാകേന്ദു ആർ.എ, സ. രമ്യ കെ.ടി, സ. ആരതി എൻ. മേനോൻ, സ. ഗീതു എം.എസ് |

**പ്രതിനിധി സമ്മേളനം :**

സംസ്ഥാന സമ്മേളനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം പ്രതിനിധി സമ്മേളനം ആയിരുന്നു. 409 പ്രതിനിധികൾ, റിട്ടയറീസ് ഫോറത്തിന്റെ 20, താൽക്കാലിക ജീവനക്കാരുടെ 10, അപ്രൈസർമാരുടെ 2 എന്നിങ്ങനെ സൗഹാർദ്ദ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

KGBEU, KGBOU സംഘടനകളുടെ കോ ഓർഡിനേഷൻ കമ്മിറ്റി കൺവീനർ സ. എസ്. ബാലചന്ദ്രൻ പ്രതിനിധി സമ്മേളനത്തിന് സ്വാഗതവും, സമ്മേളനങ്ങൾ ഒരുമിച്ച് നടത്തുന്നതിനുള്ള പ്രമേയവും അവതരിപ്പിച്ചു. സമ്മേളനത്തിന്റെ നടത്തിപ്പിനായി താഴെപ്പറയുന്ന കമ്മിറ്റികളെ തിരഞ്ഞെടുത്തു.

പ്രമേയ കമ്മിറ്റി : വിനീത് കെ, ഗണേശൻ പുത്തലത്ത്, സന്തോഷ് ശങ്കർ, ശ്രീജ എം

ക്രെഡൻഷ്യൽ കമ്മിറ്റി : ജോഷിത്ത് പി.ടി, ലക്ഷ്മി വി


മണിപ്പൂരിലെ വനിതകൾക്കെതിരായ ക്രൂരതയ്ക്കെതിരെയുള്ള പ്രതിഷേധം

സമ്മേളനത്തിന്റെ ഭാഗമായുള്ള റിപ്പോർട്ട് KGB ഓഫീസേഴ്സ് യൂണിയൻ ആക്റ്റിംഗ് ജനറൽ സെക്രട്ടറി സ. പ്രശാന്ത് ജി അവതരിപ്പിച്ചു. വരവ് ചെലവ് കണക്കുകൾ മനോജ് കെ.എം (Treasurer, KGBEU),എംപ്ലോയീസ് വെൽഫെയർ ഫണ്ട് കണക്കുകൾ ബൈജു സി. (Treasurer, KGBEWF) എന്നിവർ അവതരിപ്പിച്ചു.

ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ സംസ്ഥാന പ്രസിഡന്റ് സ. ഷാജു ആന്റണി പ്രതിനിധി സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

വൈകിട്ട് 9 മണിയോടുകൂടി ആദ്യദിവസത്തെ സമ്മേളനം അവസാനിച്ചു. അതിനുശേഷം പ്രതിനിധികളുടെ കലാപരിപാടികൾ വേദിയിൽ അരങ്ങേറി.

**23-07-2023 ഞായറാഴ്ച:**

ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിന്മേലുള്ള ചർച്ച രണ്ടാം ദിവസം നടന്നു. ജില്ലാ സമ്മേളനങ്ങൾക്ക് ശേഷം ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സമ്മേളന പ്രതിനിധികൾക്ക് നേരത്തെതന്നെ റിപ്പോർട്ട് എത്തിച്ചിരുന്നതിനാൽ, എല്ലാ ജില്ലകളിലും പ്രതിനിധികളുടെ റിപ്പോർട്ട് ചർച്ചകൾ നടന്നിരുന്നു. അതുകൊണ്ടുതന്നെ ചർച്ചകൾ ഉന്നത നിലവാരത്തിലുള്ളതായിരുന്നു. ആഗോള ദേശീയ സാഹചര്യങ്ങൾ, മുതലാളിത്തത്തിന്റെ അടങ്ങാത്ത ലാഭക്കൊതിയിൽ ലോക തൊഴിലാളി വർഗ്ഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, ബാങ്കിംഗ് രംഗത്തെ സേവനവേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ദിവസവേതനക്കാരുടെ വിഷയത്തിൽ KGB മാനേജ്മെന്റ് സ്വീകരിക്കുന്ന തൊഴിലാളി വിരുദ്ധത, ശാഖകളിൽ ജീവനക്കാരില്ലാത്ത പ്രയാസങ്ങൾ, ഇൻഷുറൻസ് വില്പനയുമായി ബന്ധപ്പെട്ട് ബാങ്കിൽ നടക്കുന്ന തട്ടിപ്പുകൾ, BC നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ആശ്രിത നിയമനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ഫൈവ് ഡേ ബാങ്കിംഗ്, റിട്ടയറീസ്, ജുവൽ അപ്രൈസർമാർ എന്നിവരുടെ പ്രശ്നങ്ങൾ തുടങ്ങി നിരവധിയായ വിഷയങ്ങൾ പ്രതിനിധികളുടെ ചർച്ചയിൽ ഉയർന്നുവന്നു.

ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ അഖിലേന്ത്യാ പ്രസിഡന്റ് സ. സി.ജെ. നന്ദകുമാർ സമ്മേളനത്തെ അഭിവാദ്യം ചെയ്ത് സംസാരിച്ചു. BEFI സംസ്ഥാന ജനറൽ സെക്രട്ടറി സ. എൻ. സനിൽ ബാബു, BEFI സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ സഖാക്കൾ ജെറിൻ കെ. ജോൺ, എൻ.എൽ. പ്രേമലത, BEFI സംസ്ഥാന വൈസ് പ്രസിഡന്റ് സ. വിനീത പി.എച്ച് എന്നിവരുടെ സാന്നിധ്യം സമ്മേളനത്തിന് കൂടുതൽ ആവേശം പകർന്നു.

AIRRBEA പ്രസിഡന്റ് സ. സി. രാജീവൻ സമ്മേളനത്തെ അഭിവാദ്യം ചെയ്ത് സംസാരിച്ചു.

ആകെ 47 പ്രതിനിധികളാണ് വിവിധ ജില്ലാ കമ്മിറ്റികളെ പ്രതിനിധീകരിച്ചുകൊണ്ട് റിപ്പോർട്ടിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തത്. ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്ന വിഷയങ്ങൾക്ക് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി സ. ബിഗേഷ് ഉണ്ണിയൻ മറുപടി നൽകി. ദിവസവേതനക്കാരുമായി ബന്ധപ്പെട്ട വിഷയത്തിൽ മാനേജ്മെന്റിന്റെ നിലപാട് പ്രതിഷേധാർഹം ആണെന്നും, ഈ വിഷയത്തിൽ ഒരു പ്രക്ഷോഭം നടത്തേണ്ട സാഹചര്യം ആണുള്ളത് എന്നും സമ്മേളനത്തിൽ പൊതു വിലയിരുത്തൽ ഉണ്ടായി. ശാഖകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത വിഷയമുൾപ്പടെ നിലനിൽക്കുന്ന സാഹചര്യത്തിൽ, ഇത്തരം വിഷയങ്ങളോട് മുഖംതിരിഞ്ഞു നിൽക്കുന്ന മാനേജ്മെന്റ് നിലപാടുകൾ തിരുത്തുന്നതിന് ആവശ്യമായ സമരപരിപാടികൾ ആസൂത്രണം ചെയ്യണമെന്നാണ് സമ്മേളനം തീരുമാനിച്ചത്.

**സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ:**

- ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുക
- ഗ്രാമീണ ബാങ്ക് സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കുക, NRBI രൂപീകരിക്കുക
- മണിപ്പൂരിൽ സമാധാനം പുന:സ്ഥാപിക്കുക
- ബാങ്ക് ജോലിക്ക് ഉയർന്ന സിബിൽ സ്കോർ വേണമെന്ന തീരുമാനം പിൻവലിക്കുക
- ഭരണഘടനാ സ്ഥാപനങ്ങളെയും മാധ്യമങ്ങളെയും ദുർ വിനിയോഗം ചെയ്തു കൊണ്ട് ജനാധിപത്യത്തെ അട്ടിമറിക്കാനുള്ള നീക്കം അവസാനിപ്പിക്കുക
- ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക
- ലേബർ കോഡുകൾ പിൻവലിക്കുക
- കോർപ്പറേറ്റ് കിട്ടാക്കടം തിരിച്ചു പിടിക്കുക
- NPS ഉപേക്ഷിക്കുക പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുക

സഖാക്കളെ, വരാനിരിക്കുന്ന നാളുകൾ പോരാട്ടത്തിന്റേതാണ്. ഇത് ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള ചർച്ചകളും സംവാദങ്ങളും നിർദ്ദേശങ്ങളും ആണ് നമ്മുടെ സമ്മേളനത്തിൽ ഉടനീളം ഉണ്ടായത്. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെയാകെ യാതൊരു ദയാദാക്ഷിണ്യവും ഇല്ലാതെ വിറ്റു തുലയ്ക്കുകയാണ് കേന്ദ്രസർക്കാർ. നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങളുടെ ഭേദഗതി അടക്കമുള്ള കാര്യങ്ങൾ ഈ സർക്കാരിന് തൊഴിലാളികളോടുള്ള മനോഭാവം വെളിവാക്കുന്നതാണ്. ജനാധിപത്യ സംവിധാനങ്ങളെ ആകെ തച്ചുടച്ചുകൊണ്ട് ഫാസിസ്റ്റ് ശൈലിയിലേക്ക് കടന്നിരിക്കുന്നു നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള സർക്കാർ. ബ്യൂറോക്രസിയിലും മാധ്യമങ്ങളിലും എല്ലാം ഇതിന്റെ പ്രവണത വന്നുതുടങ്ങിയിരിക്കുന്നു.

ഈ നയങ്ങളുടെ പിൻബലത്തിലാണ് ബാങ്ക് മാനേജ്മെന്റുകളും പ്രവർത്തിക്കുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ! നിയമന നിരോധനവും, OATD തസ്തികയിൽ വേക്കൻസി ഇല്ലെന്നുള്ള വാദവും, BC നിയമനങ്ങൾക്കായുള്ള മുറവിളികളും, മരിച്ച ജീവനക്കാരന്റെ ഒഴിവുപോലും ഇന്ന് ബാങ്കിലില്ലെന്നു പറയുന്ന മനുഷ്യത്വരഹിതമായ നിലപാടുകളും എല്ലാം കടന്നുവരുന്നത് ഈ നയങ്ങളോട് വിധേയപ്പെട്ടുകൊണ്ടാണ്. തൊഴിലാളികൾ എന്നുള്ള നിലയിൽ നമുക്ക്, ഈ നയങ്ങളെ ചോദ്യം ചെയ്തുകൊണ്ട് തന്നെ  മുന്നോട്ടുപോകേണ്ടുന്ന വലിയ ഉത്തരവാദിത്തം ഉണ്ട്. യോജിച്ച പ്രക്ഷോഭങ്ങളുടെ കാലമാണ് വരാൻ പോകുന്നത്. കർഷകസമരം അതിനുള്ള വലിയ ഉദാഹരണമാണ്. തൊഴിലാളികളും കർഷകരും വിദ്യാർത്ഥികളും ബുദ്ധിജീവികളും എല്ലാം ഒരുമിച്ചു കൊണ്ട് ഈ നയങ്ങളെ പുൽകുന്ന ഭരണകൂടത്തെ കടപുഴക്കിയെറിയുന്ന കാലം അതിവിദൂരമെല്ലെന്ന ഓർമ്മപ്പെടുത്തലോടെ,

**അഭിവാദനങ്ങൾ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി**
ജനറൽ സെക്രട്ടറി
KGBOU, 9847407673




























**സമ്മേളനം തെരഞ്ഞെടുത്ത പുതിയ ഭാരവാഹികളും കേന്ദ്ര കമ്മിറ്റി അംഗങ്ങളും :**

| **KGB എംപ്ലോയീസ് യൂണിയൻ** | | |
|---|---|---|
| പ്രസിഡന്റ് | മീന എൻ നായർ | വടകര |
| വൈസ് പ്രസിഡന്റ് | ശ്രീരാമൻ വി.പി | കോട്ടയം |
| | ദീപകുമാർ സി | RO എറണാകുളം |
| | ലക്ഷ്മി വി | കരുളായി |
| ജനറൽ സെക്രട്ടറി | ബിഗേഷ് ഉണ്ണിയൻ | HO GA വിംഗ് |
| അസി. ജനറൽ സെക്രട്ടറി | ധനേഷ് കുമാർ എ | ന്യൂ മാഹി |
| ജോയിന്റ് സെക്രട്ടറി | ബാബു എൻ.കെ | മുചുകുന്ന് |
| | തൗഫീഖ് എസ് | ചേങ്ങോട്ടുകോണം |
| | ഭാനു പ്രകാശ് സി.പി | കുടുക്കിമൊട്ട |
| | എബിൻ എം. ചെറിയാൻ | മേവട |
| ട്രഷറർ | മനോജ് കെ.എം | കൂട്ടിലങ്ങാടി |
| **നമ്പർ** | **അംഗങ്ങൾ** | **ശാഖ/ ഓഫീസ്** |
| 1 | രാഗേഷ് ആർ | ഏലംകുളം |
| 2 | രാജീവൻ സി | RO കോഴിക്കോട് |
| 3 | സന്തോഷ്കുമാർ പി.പി | ചുഴലി |
| 4 | അനൂപ് വി.വി | കാലിക്കടവ് |
| 5 | ശ്രീഷ് സി | എരുവശ്ശി |
| 6 | ജയൻ പി | വളാഞ്ചേരി |
| 7 | സുബീഷ് കെ.എം | ചാലിക്കര |
| 8 | ജിതിൻരാജ് വി | കരുളായി |
| 9 | വിഷ്ണു ഗോപിനാഥ് | തൃപ്പൂണിത്തറ |
| 10 | രാജേഷ്കുമാർ ജെ | ചങ്ങനാശ്ശേരി |
| 11 | ഗായത്രി ഷൺമുഖൻ | മുതുകുളം |
| 12 | രേഖ വി.പി | കക്കട്ടിൽ |
| 13 | മാത്യൂസ് ജോസ് | HO CRM വിംഗ് |
| 14 | കെ. രഞ്ജു | എലവൻതിട്ട |
| 15 | ജസ്റ്റിൻ ജെ | കണിയാമ്പറ്റ |
| 16 | അമീഷ് ഡൊമിനിക്ക് | വഴിത്തല |
| 17 | ബിനു കെ.ആർ | ഒളരിക്കര |
| 18 | മദനൻ കെ.ജി | |
| 19 | പ്രകാശൻ കെ | |
| 20 | ബാലചന്ദ്രൻ എസ് | |

| **KGB ഓഫീസേഴ്സ് യൂണിയൻ** | | |
|---|---|---|
| പ്രസിഡന്റ് | അനൂപ് ടി.ജി | മുട്ടം |
| വൈസ് പ്രസിഡന്റ് | ജോഷിത് പി.ടി | ചക്കിട്ടപ്പാറ |
| | ശ്രീജിത്ത് പി.എസ് | തത്തമംഗലം |
| | രമ്യരാജ് | കോട്ടയം |
| | സുധീഷ്കുമാർ എസ് | കടമ്പനാട് |
| ജനറൽ സെക്രട്ടറി | രാജേഷ് പി | RO തലശ്ശേരി |

| | | |
|---|---|---|
| അസി. ജനറൽ സെക്രട്ടറി | പ്രശാന്ത് ജി | HO CRM വിംഗ് |
| ജോയിന്റ് സെക്രട്ടറി | വിനീത വിനോദ് | പേരാമ്പ്ര |
| | മിഥുൻലാൽ പി | കക്കട്ടിൽ |
| | ബൈജു സി | RO കൽപ്പറ്റ |
| | വിനീത് കെ. | എടയന്നൂർ |
| ട്രഷറർ | വിനയ് വിലാസ് | കൂട്ടായി |
| **നമ്പർ** | **അംഗങ്ങൾ** | **ശാഖ/ ഓഫീസ്** |
| 1 | അഖിൽ എ | HO RL & FP വിംഗ് |
| 2 | അരുൺ ബി. കൃഷ്ണൻ | RO എറണാകുളം |
| 3 | ചാൾസ് ഇ.കെ | ബോവിക്കാനം |
| 4 | ഐബിൻ എ. | കെല്ലൂർ |
| 5 | ജയദേവ് എഫ്. മിറാണ്ട | കടയ്ക്കൽ |
| 6 | കൃഷ്ണകുമാർ സി.എ | RO തൃശൂർ |
| 7 | മിഥുൻ കെ.ജി. | DBS വിംഗ് |
| 8 | നിഥിൻ മോഹനൻ | നടവയൽ |
| 9 | രജിതമോൾ കെ.കെ | അങ്കമാലി |
| 10 | സജിത്ത് കെ.പി | RO കണ്ണൂർ |
| 11 | സന്തോഷ് ശങ്കർ | കോതമംഗലം |
| 12 | ശരത്ത് ഇ.എസ് | തൃക്കണ്ണാട് |
| 13 | സിബിൻ ജോയ്സ് മാനുവൽ | വടുവഞ്ചാൽ |
| 14 | സ്വർണകുമാർ ബി | കാഞ്ഞാണി |
| 15 | സുമേഷ് യു | RO കാസർഗോഡ് |
| 16 | അശ്വിൻ എം.എ | ശ്രീകാര്യം |
| 17 | നിഖിൽ എം | മാത്തിൽ |
| 18 | ലക്ഷ്മി സി | RO കോട്ടയം |
| 19 | സജിൻ വി.എസ് | കൂരാച്ചുണ്ട് |
| 20 | വിദ്യ കെ | ചോക്കാട് |
| 21 | ജയപ്രകാശൻ എം | ഷൊർണൂർ |
| 22 | ബിച്ചു ജോസ് | അഞ്ചാലംമൂട് |
| 23 | മോഹൻകുമാർ കെ.എം | RO മലപ്പുറം |
| 24 | മിഥുൻ സി | കോട്ടയ്ക്കൽ |
| 25 | മനോജ് ജി | ചെർപ്പുളശ്ശേരി |
| 26 | പ്രശാന്ത് കെ.പി | കൊളത്തൂർ |
| 27 | ജിതിൻ പി.വി | രാമന്തളി |
| 28 | സിന്ധു ടി | ഓമശ്ശേരി |
| 29 | രാകേന്ദു ആർ.എ | പ്രാവച്ചമ്പലം |
| 30 | ആരതി എൻ. മേനോൻ | പൂക്കാട്ടുപടി |
| 31 | രമ്യ കെ.ടി | മണക്കടവ് |
| 32 | ഗീതു എം.എസ് | തിരുവല്ല |
| 33 | ശ്രീജ എം | RO കണ്ണൂർ |
| 34 | സ്വാതി എം | ചേലേമ്പ്ര |
| 35 | മാത്യൂസ് കെ.വി | പിണങ്ങോട് |